പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.4874

27.10.2016 -ൽ

മറുപടിയ്ക്ക്

**ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി നിർമ്മിച്ച ക്വാർട്ടേഴ്സുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി നിർമ്മിച്ച ക്വാർട്ടേഴ്സ് പ്രവർത്തിയുമായി ബന്ധപ്പെട്ട് സിവിൽ വർക്കും ഇലക്ട്രിഫിക്കേഷൻ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സുകൾക്ക് വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും ലഭ്യമാകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതു ലഭിക്കുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകൾ തുറന്നുകൊടുക്കുന്നതാണ്. |
| (ബി) | ട്രഷറി നിക്ഷേപ ഫണ്ടുപയോഗിച്ച് 3.50 കോടി രൂപ ചെലവഴിച്ച് കോളേജിൽ നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയം വൈദ്യുതീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ട്രഷറി നിക്ഷേപ ഫണ്ടുപയോഗിച്ച് 3.50 കോടി രൂപ ചെലവഴിച്ച് കോളേജിൽ നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ചുറ്റമതിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഉടൻ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ